**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 591** **13-10-2026-ൽ മറുപടിയ്ക്ക്**

**<u>സമഗ്രവും ആധുനികവുമായ വൈദ്യുതി നയം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. എം. വിൻസെന്റ്

ശ്രീ. ടോണി ചമ്മണി

ശ്രീ. വി. എസ്. ജോയി

ശ്രീ. കെ. നീലകണ്ഠൻ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സണ്ണി ജോസഫ്

(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

**(എ)** സമഗ്രവും ആധുനികവുമായ വൈദ്യുതി നയം ആവിഷ്കരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** സംസ്ഥാനത്തിന്റെ ഊർജ്ജസുരക്ഷ ഉറപ്പാക്കുന്നതിനായി ആഭ്യന്തര ഉത്പാദനശേഷി വർധിപ്പിക്കൽ, സൗര-കാറ്റാടി-ജലവൈദ്യുത പദ്ധതികളുടെ വികസനം, Pumped Storage Projects, Battery Energy Storage Systems, Demand Side Management, വൈദ്യുതി ഇറക്കുമതി ശേഷി വർധിപ്പിക്കൽ, പ്രസരണ-വിതരണ ശൃംഖല ശക്തിപ്പെടുത്തൽ, Smart Metering, Grid Automation തുടങ്ങിയ ഹ്രസ്വകാല-ദീർഘകാല പദ്ധതികൾ ഏകോപിപ്പിച്ച് നടപ്പാക്കുന്നതിനുള്ള മാർഗരേഖ ഉൾക്കൊള്ളുന്ന ഒരു സമഗ്ര വൈദ്യുതി നയം ആവിഷ്കരിക്കുന്ന കാര്യം പരിഗണനയിലുണ്ട്.

**(ബി)** മുൻ സർക്കാരിന്റെ ആസൂത്രണമില്ലായ്മയും കെടുകാര്യസ്ഥതയും മൂലം സംസ്ഥാനം നിലവിൽ വൈദ്യുതി പ്രതിസന്ധി നേരിടുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രതിസന്ധിയ്ക്ക് ശാശ്വത പരിഹാരമുണ്ടാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുമോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** സംസ്ഥാനത്ത് നിലവിൽ അനുഭവപ്പെടുന്ന വൈദ്യുതി പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

നിലവിലെ സാഹചര്യത്തിന് ദീർഘകാല കരാറുകൾ റദ്ദാക്കിയതും എൽ നിനോ പ്രതിഭാസം മൂലം രാജ്യത്താകമാനം വൈദ്യുതി ആവശ്യകതയിലുണ്ടായ വർധന, ഉയർന്ന പീക്ക് ആവശ്യകത, വിപണിയിലെ വൈദ്യുതിയുടെ ലഭ്യതക്കുറവ് കാലാവസ്ഥാ വ്യതിയാനം, മൺസൂൺ മഴയിൽ ഉണ്ടായ കുറവ് എന്നീ കാരണങ്ങളാൽ ഉണ്ടായിട്ടുള്ളതാണ്.

ഈ വർഷത്തിൽ ഉണ്ടാകാനിടയുള്ള വൈദ്യുതി ആവശ്യകത മുൻകൂട്ടി കണ്ട്, 2026 ഏപ്രിൽ മാസം മുതൽ തന്നെ ഹ്രസ്വകാല വൈദ്യുതി വാങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിരുന്നു. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മിഷന്റെ അനുമതിയോടെ 2026 ജൂലൈ മുതൽ 2027 ജൂലൈ വരെ മുഴുവൻ സമയ വൈദ്യുതി ലഭ്യമാക്കുന്നതിനും, വിവിധ മാസങ്ങളിലെ പീക്ക് സമയത്തെ അധിക വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിനുമായും ഹ്രസ്വകാല വൈദ്യുതി വാങ്ങൽ കരാറുകളിലും ഏർപ്പെട്ടിട്ടുണ്ട്.

കൂടാതെ എൽ നിനോ പ്രഭാവം മൂലം നിലനിൽക്കുന്ന കടുത്ത വൈദ്യുതി പ്രതിസന്ധി മറികടക്കുന്നതിനുള്ള അടിയന്തര നടപടികളുടെ ഭാഗമായി അധിക ഹ്രസ്വകാല വൈദ്യുതി വാങ്ങുന്നതിനുള്ള ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നു. ഒക്ടോബർ മാസത്തിൽ പീക്ക് സമയത്തെ അധിക ആവശ്യകത നിറവേറ്റുന്നതിനായി 200 മെഗാവാട്ട് വരെ കാറ്റാടി വൈദ്യുതിയും, മുഴുവൻ സമയ വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിനായി ഹിമാചൽ പ്രദേശിൽ നിന്ന് 900 മെഗാവാട്ട് വരെ വൈദ്യുതിയും നിലവിൽ ലഭ്യമായി വരുന്നു.

ഇതിനുപുറമെ, കേന്ദ്ര സർക്കാരിൽനിന്ന് നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന വിഹിതത്തിനു പുറമേ അധിക വൈദ്യുതി വിഹിതവും ഇപ്പോൾ ലഭിച്ചുവരുന്നു. ഈ അധിക വിഹിതം 2027 മെയ് വരെ ലഭ്യമാക്കുന്നതിനായി കേന്ദ്ര ഊർജ്ജ മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുമുണ്ട്.

വൈദ്യുതി പ്രതിസന്ധിക്ക് ശാശ്വത പരിഹാരം കാണുന്നതിനുള്ള ദീർഘകാല നടപടികളുടെ ഭാഗമായി, സംസ്ഥാനത്തിന്റെ ഭാവിയിലെ വൈദ്യുതി ആവശ്യകത കണക്കിലെടുത്ത് വിവിധ സ്രോതസ്സുകളിൽനിന്ന് കുറഞ്ഞ നിരക്കിൽ ദീർഘകാലാടിസ്ഥാനത്തിൽ വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള വൈദ്യുതി വാങ്ങൽ കരാറുകളിൽ കെ.എസ്.ഇ.ബി.എൽ ഏർപ്പെട്ടുവരുന്നു. സോളാർ, കാറ്റാടി, ബാറ്ററി എനർജി സ്റ്റോറേജ്, താപവൈദ്യുതി തുടങ്ങിയ വിവിധ സ്രോതസ്സുകളെ ഉൾപ്പെടുത്തിയാണ് കരാറുകളിൽ ഏർപ്പെടുന്നത്.

കൂടാതെ, NTPC-യുടെ സിന്നാർ താപനിലയം, മഹാരാഷ്ട്രയിലെ ചന്ദ്രപുരാ താപനിലയം, ഭാവിനി ആണവനിലയം എന്നിവിടങ്ങളിൽനിന്ന് ദീർഘകാല വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു. ഇതു കൂടാതെ കേന്ദ്ര ഗവൺമെന്റിന്റെ SHAKTI പോളിസി B(iv) പ്രകാരം 500 മെഗാവാട്ട് വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള ദീർഘകാല ടെൻഡർ നടപടികളും സ്വീകരിച്ചുവരുന്നു.

ഇപ്രകാരം, വൈദ്യുതി പ്രതിസന്ധിക്കു ശാശ്വത പരിഹാരം കാണാനായി ദീർഘകാല വൈദ്യുതി കരാറുകൾ, പുനരുപയോഗ ഊർജ്ജ പദ്ധതികൾ, ബാറ്ററി എനർജി സ്റ്റോറേജ് സംവിധാനങ്ങൾ, താപ വൈദ്യുതി തുടങ്ങിയ വിവിധ മാർഗങ്ങളിലൂടെ സ്ഥിരമായ വൈദ്യുതി ലഭ്യത ഉറപ്പാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

**(സി)** കുറഞ്ഞ നിരക്കിന് വൈദ്യുതി ലഭ്യമായിരുന്ന ദീർഘകാല വൈദ്യുത കരാറുകൾ മുൻ സർക്കാർ നിർത്തലാക്കിയത് സംസ്ഥാനത്തെ വൈദ്യുത പ്രതിസന്ധിക്ക് കാരണമായിട്ടുണ്ടോ; പ്രസ്തുത കരാർ പുനഃസ്ഥാപിക്കുവാൻ ഇനി സാധ്യമാണോ;

**മറുപടി:** 2014-ൽ മത്സരാധിഷ്ഠിത ടെൻഡർ നടപടികളിലൂടെ കെ.എസ്.ഇ.ബി.എൽ ഏർപ്പെട്ടിരുന്ന ദീർഘകാല വൈദ്യുതി വാങ്ങൽ കരാറുകളിൽ 465 MW-ന്റെ കരാറുകൾ 2023-ൽ റദ്ദാക്കപ്പെട്ടിരുന്നു. ഇതുമൂലം ദീർഘകാലാടിസ്ഥാനത്തിൽ ലഭിക്കേണ്ടിയിരുന്ന വൈദ്യുതി ലഭ്യതയിൽ കുറവുണ്ടായിട്ടുണ്ട്. ഇപ്രകാരം ലഭ്യതയിൽ കുറവയുണ്ടായത് നിലവിലെ വൈദ്യുതി പ്രതിസന്ധിക്ക് കാരണമായിട്ടുണ്ട്.

പ്രസ്തുത ദീർഘകാല കരാറുകളുമായി ബന്ധപ്പെട്ട വിഷയത്തിൽ നിയമപരമായ തുടർ നടപടികൾ നടന്നു വരുകയാണ്. കരാറുകൾ റദ്ദാക്കിയ തീരുമാനത്തിനെതിരായി കെ.എസ്.ഇ.ബി.എൽ സമർപ്പിച്ച ഹർജി നിലവിൽ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ പരിഗണനയിലാണ്. ഹർജി വേഗത്തിൽ തീർപ്പാക്കുന്നതിനുള്ള സർക്കാരിന്റെയും കെ.എസ്.ഇ. ബോർഡിന്റെയും ആവശ്യം (Urgent Memo) ബഹു. സുപ്രീം കോടതി അനുവദിച്ചിട്ടുണ്ട്.

**(ഡി)** കുറഞ്ഞ നിരക്കിൽ കൂടുതൽ വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള ദീർഘകാല കരാറുകളിൽ ഏർപ്പെടുവാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**<u>മറുപടി:</u>** സംസ്ഥാനത്തിന്റെ ഭാവിയിലെ വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിനും താരതമ്യേന കുറഞ്ഞ നിരക്കിൽ ദീർഘകാലാടിസ്ഥാനത്തിൽ വൈദ്യുതി ലഭ്യമാക്കുന്നതിനുമായി കെ.എസ്.ഇ.ബി.എൽ വിവിധ നടപടികൾ സ്വീകരിച്ചുവരുകയാണ്. ഇതിന്റെ ഭാഗമായി താപവൈദ്യുതി, സൗരോർജം, കാറ്റാടി വൈദ്യുതി, ബാറ്ററി എനർജി സ്റ്റോറേജ് സംവിധാനങ്ങൾ എന്നിവ ഉൾപ്പെടുന്ന വിവിധ വൈദ്യുതി സ്രോതസ്സുകളിൽനിന്ന് വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള ദീർഘകാല വൈദ്യുതി വാങ്ങൽ കരാറുകളിൽ ഏർപ്പെട്ടുവരുന്നു.

**സെക്ഷൻ ഓഫീസർ**